# തൊഴിലപകടം: പരിക്കു പറ്റിയ തൊഴിലാളിയുടെ ചികിത്സാ ചെലവ് പലിശ സഹിതം നല്കണം

## കേരള ഹൈക്കോടതി

M.F.A. No. 168/2019 Dt. 7.2.2020

എം.ജി. ജിനീഷ് x കെ.സി. നൈനാൻ

കെ.സി. നൈനാൻ എന്നയാളുടെ വ്യവസായ സ്ഥാപനത്തിൽ ജോലി ചെയ്തുകൊണ്ടിരിക്കെ അവിടത്തെ രണ്ട് തൊഴിലാളികൾ അപകടത്തിൽപ്പെടുകയും അവർക്ക് സാരമായി പരിക്കേൽക്കുകയും ചെയ്തു. ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട അവർ ചികിത്സക്കായി കുറെ പണം ചെലവാക്കുകയുണ്ടായി. സുഖം പ്രാപിച്ചതിനു ശേഷം ചികിത്സാ ചെലവും നഷ്ടപരിഹാരവും ആവശ്യപ്പെട്ടപ്പോൾ തൊഴിലുടമ അത് നിഷേധിക്കുകയാണുണ്ടായത്. തുടർന്ന് അവർ ആലപ്പുഴയിലെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ നഷ്ടപരിഹാരമാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചു. ജോലി ചെയ്തുകൊണ്ടിരിക്കെ തൊഴിലിൽ നിന്നുളവായ അപകടം മൂലമാണ് തൊഴിലാളികൾക്ക് പരിക്കേറ്റതെന്നും അവർ നൈനാൻ എന്നയാളുടെ തൊഴിലാളികളാണെന്നും തെളിവുകളിൽ നിന്ന് വ്യക്തമായിട്ടുണ്ടെന്ന് വിലയിരുത്തിയ കമ്മീഷണർ നഷ്ടപരിഹാരം നല്കാൻ തൊഴിലുടമയോട് നിർദ്ദേശിച്ചു. എന്നാൽ, ചികിത്സാ ചെലവ് ഒഴികെയുള്ള നഷ്ടപരിഹാര തുകയ്ക്ക് മാത്രം പലിശ നല്കിയാൽ മതിയെന്നും കമ്മീഷണർ ഉത്തരവിൽ സ്പഷ്ടമാക്കി. ഇതിനെതിരെ തൊഴിലാളികൾ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. ചികിത്സയ്ക്കുവേണ്ടി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയ്ക്കും പലിശ നല്കാൻ തൊഴിലുടമ ബാധ്യസ്ഥനാണെന്നും കമ്മീഷണർ അത് അനുവദിക്കാതിരുന്നത് തെറ്റാണെന്നും തൊഴിലാളികൾ വാദിച്ചു. നഷ്ടപരിഹാരത്തിനു മാത്രമേ പലിശ നല്കേണ്ടതുള്ളൂവെന്നും ചികിത്സാ ചെലവ് യഥാർത്ഥമാണോ അല്ലയോ എന്ന് തെളിഞ്ഞതിനു ശേഷം മാത്രമേ അത് നല്കാൻ തനിക്ക് ബാധ്യതയുള്ളൂവെന്നും അക്കാര്യത്തിൽ കാലതാമസം വരുത്താത്തതിനാൽ പലിശ ലഭിക്കാൻ തൊഴിലാളികൾക്ക് അവകാശമില്ലെന്നും തൊഴിലുടമ വാദിച്ചു. തൊഴിലാളികൾക്ക് അർഹമായ മൊത്തം തുകയ്ക്കും പലിശ നല്കാൻ തൊഴിലുടമ ബാധ്യസ്ഥനാണെന്ന് ഹൈക്കോടതി പ്രഖ്യാപിച്ചു. യഥാർത്ഥ ചികിത്സാ ചെലവ് എത്ര രൂപയാണെന്ന് തൊഴിലാളികൾ തൊഴിലുടമയെ ബോധ്യപ്പെടുത്തിയ ദിവസം മുതൽ അത് നല്കപ്പെടുന്നതുവരെ തൊഴിലുടമ പലിശ നല്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടു. ചികിത്സാ ചെലവ് എത്ര രൂപയാണെന്ന് തൊഴിലുടമ മനസ്സിലാക്കിയത് എന്നാണെന്ന് നിർണ്ണയിക്കുന്നതിനു വേണ്ടി ഹൈക്കോടതി കേസ് ആലപ്പുഴ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർക്ക് തിരിച്ചയക്കുകയും പരമാവധി ആറ് മാസത്തിനുള്ളിൽ തീർപ്പ് കല്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.